# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3445 24.06.2013-ൽ മറുപടി

### ഫോൺ ചോർത്തലുകൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ കർക്കശമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. റ്റി. വി. രാജേഷ്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഔദ്യോഗികവും അനൗദ്യോഗികവുമായ ഫോൺ ചോർത്തൽ സംബന്ധിച്ച ആവർത്തിച്ചുള്ള പരാതികൾ ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച നിയമവ്യവസ്ഥകൾ കർക്കശവും മൗലികാവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ളതുമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5 (2), 2000 - ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവയിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരമാണ് ടെലിഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റിവ്യൂ കമ്മിറ്റി ടി ഉത്തരവുകൾ പരിശോധിക്കുകയും ചെയ്തു വരുന്നു. |
| ബി) ഈ സർക്കാരിന്റെ കാലത്ത് ഫോൺ ചോർത്തലുകളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ ഏതൊക്കെയായിരുന്നു; സർക്കാർ അന്വേഷണത്തിനുത്തരവിട്ട ആക്ഷേപത്തിന്മേൽ ലഭിച്ച റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ; വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ? | (ബി) ശ്രീമതി. കെ. കെ. ലതിക എം. എൽ. എ., ശ്രീ. രമേശ് ചെന്നിത്തല എം. എൽ. എ., എൻ. എസ്.എസ്. ജനറൽ സെക്രട്ടറി ശ്രീ. സുകുമാരൻ നായർ, ശ്രീ. പി. ജയരാജൻ എന്നിവരുടെ ഫോണുകൾ നിരീക്ഷിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി. കെ. കെ. ലതിക എം. എൽ.എ ബഹു. സ്പീക്കർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 204/2013 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമാനുസൃതമല്ലാത്ത ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ